LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളിൽ ഫ്ലാറ്റുകൾ 3 നിലയ്ക്ക് മുകളിലേക്ക് നിർമ്മിക്കുന്നതിനുള്ള അനുമതി

132 (4167) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ഫ്ലാറ്റുകൾ 3 നിലയ്ക്ക് മുകളിലേക്ക് നിർമ്മിക്കുന്നതിന് ഫയർ ആന്റ് റെസ്ക്യൂ വിഭാഗം ഉന്നതാധികാരി അനുമതി നൽകില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഫ്ലാറ്റ് നിർമ്മാണത്തിന് ഏതൊക്കെ ഘട്ടത്തിലാണ് ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന്റെ അനുമതി വാങ്ങേണ്ടത് ; ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 12 മീറ്ററിന് മുകളിൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിൽ അനുമതി നൽകാതെ അപേക്ഷ നിരസിച്ചത് താൽക്കാലിക തീരുമാനം മാത്രമാണ്. 30 ദിവസത്തിനകം അപേക്ഷകരിൽനിന്നും വിശദവിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഒരു സ്പെഷ്യൽ കമ്മിറ്റി പുനഃപരിശോധിക്കുന്നതും അതിനടുത്ത 30 ദിവസത്തിനകം തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53(3) പ്രകാരം ഗ്രൗണ്ട് ലെവലിൽനിന്നും 3 നിലകളിൽ അധികരിക്കുന്ന റസിഡൻഷ്യൽ, സ്പെഷ്യൽ റസിഡൻഷ്യൽ ഒക്കുപ്പൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനു മുമ്പ് ഫയർഫോഴ്സ് ഡയറക്ടറുടെയോ, അദ്ദേഹം ഇതിലേക്കായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ലഭ്യമാക്കിയിരിക്കേണ്ടതാണെന്ന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

വൈപ്പിൻ-പള്ളിപ്പുറം തീരദേശപാത പുനരുദ്ധാരണത്തിന് ജിഡ ഫണ്ട്

133 (4168) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ-പള്ളിപ്പുറം തീരദേശപാത പുനരുദ്ധാരണത്തിന്റെ ഭാഗമായി നായരമ്പലം ഭാഗത്തെ പ്രവൃത്തികൾക്ക് ജിഡയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;